**A**

# സമഗ്ര ശിക്ഷാ, കേരളം

**702**

## അർധവാർഷിക മൂല്യനിർണയം 2019-20

## മലയാളം
## കേരളപാഠാവലി

ക്ലാസ് : 7 | സമയം: 2 മണിക്കൂർ

### *നിർദേശങ്ങൾ*

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാല് പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.

---

**പ്രവർത്തനം 1 - വായിക്കാം എഴുതാം**

താഴെ തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

അഴീക്കോടിന്റെ ശബ്ദം ഒന്നാന്തരമായിരുന്നു. അതിന് ഒരിക്കലും പ്രായം ബാധിച്ചില്ല. രോഷം കൊണ്ട് പൊട്ടിത്തെറിക്കാനും നർമം കൊണ്ട് പൊട്ടിച്ചിരിപ്പിക്കാനും കാരുണ്യം കൊണ്ട് ആർദ്രമാകാനും പ്രാപ്തമായ ശബ്ദം. അത് എവിടെ ഉയർത്തണമെന്നും എവിടെ താഴ്ത്തണമെന്നും അദ്ദേഹത്തിന് നല്ല നിശ്ചയമാണ്. യേശുദാസ് സാധകം കൊണ്ട് വരുതിയിൽ നിർത്തിയ ശബ്ദം പോലെയാണതും. പിന്നെ, അദ്ദേഹത്തിന്റെ ഓർമ്മശക്തി. ഏതു സദസ്സിനെയും എപ്പോഴും അത് അമ്പരപ്പിച്ചു. വേണ്ടതൊക്കെ വേണ്ട സമയത്ത് ആ നാവിലുദിച്ചു. 'കല്ലിൽ കൊത്തിയ ഓർമ' എന്ന് ഞങ്ങളുടെ നാട്ടിൽ പറയും. ഏത് ഉദ്ധരണിയും ഏതു ഗ്രന്ഥനാമവും വേണ്ടസമയത്ത്, ഒരു മിനിറ്റ് താമസമില്ലാതെ തോന്നും. ക്ലാസെടുക്കുമ്പോഴോ വർത്തമാനം പറയുമ്പോഴോ തെളിയാത്തതു കൂടി മൈക്കിനു മുമ്പിൽ നിൽക്കുമ്പോൾ മണിമണിയായിട്ട് ഓർമ്മ വരും. നിരന്തരം ക്ലാസെടുക്കുക, പ്രസംഗിക്കുക, വായിക്കുക, എഴുതുക, തർക്കിക്കുക മുതലായവ വഴി ഉണ്ടായിത്തീരുന്ന സാധകം കൂടി ആ ജന്മസിദ്ധിയെ പോഷിപ്പിച്ചിരിക്കണം. ഇംഗ്ലീഷ്, സംസ്കൃതം, മലയാളം എന്നീ ഭാഷകളിലുള്ള പാണ്ഡിത്യവും പുസ്തക പാരായണം വഴി നേടിയ സാഹിത്യ പരിജ്ഞാനവും എടുത്തു പറയേണ്ടതാണ്.

(പ്രൊഫ.എം.എൻ.കാരശ്ശേരി)

1. പ്രായം ബാധിക്കാത്തത് എന്ന് ലേഖനത്തിൽ സൂചിപ്പിക്കുന്നത് എന്തിനെയാണ്?

   എ) രൂപം

   ബി) ശബ്ദം

   സി) കാഴ്ചശക്തി

2. ഏത് ഉദ്ധരണിയും ഏത് ഗ്രന്ഥനാമവും ഒരു മിനിറ്റ് താമസമില്ലാതെ അഴീക്കോടിന് തോന്നുന്നത് എപ്പോൾ എന്നാണ് ലേഖനത്തിൽ പറയുന്നത്?

   എ) വർത്തമാനം പറയുമ്പോൾ

   ബി) ക്ലാസെടുക്കുമ്പോൾ

   സി) മൈക്കിനു മുന്നിൽ നിൽക്കുമ്പോൾ

3. യേശുദാസ് സാധകം കൊണ്ട് വരുതിയിൽ നിർത്തിയ ശബ്ദം പോലെ എന്ന് ലേഖകൻ സൂചിപ്പിച്ച കാര്യം?

എ) ശബ്ദത്തിലെ സൗമ്യഭാവം

ബി) ശബ്ദത്തിന്റെ ഉയർച്ചതാഴ്ചകൾ

സി) ശബ്ദത്തിലെ ഗൗരവം

4. 'ഫലിതം' എന്ന് അർത്ഥം വരുന്ന പദം?

എ) കാരുണ്യം

ബി) രോഷം

സി) നർമം

5. 'കല്ലിൽ കൊത്തിവച്ചപോലെ' എന്ന പ്രയോഗം കൊണ്ട് ഉദ്ദേശിക്കുന്നത് എന്ത്?

എ) ഒരിക്കലും മായാത്തത്

ബി) ഭംഗി ഉള്ളത്

സി) നിറങ്ങൾ ഉള്ളത്

## പ്രവർത്തനം 2 – അഭിമുഖ ചോദ്യാവലി

ഡോ. എം.വി.വിഷ്ണുനമ്പൂതിരി തെയ്യത്തെക്കുറിച്ച് എഴുതിയ ലേഖനത്തിലെ ഒരു ഭാഗം വായിക്കാം.

> കേരളത്തിലെ അനുഷ്ഠാനകലകളിൽ പ്രമുഖസ്ഥാനത്ത് നിൽക്കുന്നതാണ് തെയ്യം/തിറ. ദേവതയുടെ ഉഗ്രനർത്തന രൂപത്തിലുള്ള ആവിഷ്കാരമാണ് തിറയിൽ. പഴയ കോലത്തുനാടിന്റെ മിക്ക ഭാഗങ്ങളിലും തെയ്യാട്ടമാണ്. വേട്ടയ്ക്കൊരുമകൻ തുടങ്ങി ചുരുക്കം കോലങ്ങൾക്ക് മാത്രമേ അവിടങ്ങളിൽ 'തിറ' എന്ന പേരുള്ളൂ. കണ്ണൂർ ജില്ലയുടെ ദക്ഷിണ പ്രാന്തങ്ങൾ തൊട്ട് മലപ്പുറം വരെയുള്ള പ്രദേശങ്ങളിൽ 'തിറ' എന്നാണ് എല്ലാ കോല (തെയ്യ)ങ്ങൾക്കും പറഞ്ഞു വരുന്നത്.

കതിവനൂർ വീരൻ എന്ന തെയ്യത്തെക്കുറിച്ച് നാം വായിച്ചിട്ടുണ്ടല്ലോ. 'തെയ്യം' എന്ന കലാരൂപത്തെക്കുറിച്ച് കൂടുതലറിയുന്നതിനു വേണ്ടി നാടൻ കലാരൂപങ്ങളെക്കുറിച്ച് ധാരാളം പഠനങ്ങൾ നടത്തിയിട്ടുള്ള രാഘവൻ പയ്യനാടുമായി അഭിമുഖം നടത്തുന്നതിനായുള്ള ചോദ്യാവലി തയാറാക്കാം. ചുരുങ്ങിയത് 5 ചോദ്യങ്ങളെങ്കിലും ഉണ്ടാക്കുമല്ലോ?

## പ്രവർത്തനം 3 – വിവരണം

'മഴയൊഴിയുമ്പോൾ'



കാർട്ടൂൺ ശ്രദ്ധിച്ചല്ലോ. 'ഞാറ്റുവേലപ്പൂക്കൾ' എന്ന കവിതയിൽ വെള്ളപ്പൊക്കത്തിനെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഈ വർഷത്തെ പ്രളയവുമായി ബന്ധപ്പെട്ട് നേരിട്ടും ദൃശ്യമാധ്യമങ്ങളിലൂടെയും നിങ്ങളും അറിഞ്ഞിരിക്കുമല്ലോ. പ്രളയത്തിന്റെ ദുരന്താനുഭവം മുൻനിർത്തി ഒരു വിവരണം തയാറാക്കുക.

**പ്രവർത്തനം 4 – കഥാപാത്രനിരൂപണം**

കതിവനൂർ വീരന്റെ കഥ കേട്ടു പിടഞ്ഞു
മാമയിൽപ്പീലിപോൽ അഴകോലും ചെമ്മരത്തി
പൂങ്കോഴി കരഞ്ഞു തോഴിമാർ പിരിഞ്ഞു
ചതിത്തീയിലവളന്നുടലോടെ മറഞ്ഞു (ചതിത്തീയിൽ + അവൾ + അന്ന് + ഉടലോടെ)
കതിവനൂർ വീരന്റെ കനലോടു ചേർന്നവൾ
സ്വർഗത്തിലേക്കൊരു കിളിയായ് പറന്നു.

(കൈതപ്രം)

ഈ പാട്ടിൽ നിന്ന് ചെമ്മരത്തിയുടെയും കതിവനൂർ വീരന്റെയും സ്നേഹബന്ധത്തിന്റെ തീവ്രത മനസ്സിലാക്കാം. ചെമ്മരത്തിയുടെ മറ്റ് സ്വഭാവസവിശേഷതകൾ കൂടി ഉൾപ്പെടുത്തി കഥാപാത്ര നിരൂപണം തയാറാക്കുക.

**പ്രവർത്തനം 5 – ലഘു ഉപന്യാസം**

മയക്കുമരുന്നുകൾ ഉണ്ടാക്കുന്ന അപകടത്തെക്കുറിച്ച് സുഗതകുമാരി ടീച്ചർ ഇങ്ങനെ പറയുന്നു

"ഈ വിഷങ്ങൾ ബുദ്ധിയെ ബാധിക്കുന്നു. ഓർമ്മ ശക്തികുറയുന്നു. പഠനത്തിലുള്ള താല്പര്യം മങ്ങുന്നു. ആകപ്പാടെയുള്ള മാന്ദ്യം കുട്ടിയുടെ വ്യക്തിത്വത്തെ മാറ്റിമറിക്കുന്നു"

കുടിയനായ മെൽഷിയറിനെക്കുറിച്ച് നാം പഠിച്ചിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗം കൊണ്ടുണ്ടാകുന്ന സാമൂഹ്യവിപത്തിനെക്കുറിച്ച് ഒരു ലഘു ഉപന്യാസം തയാറാക്കുക.

>ലഹരിയുടെ ഉപയോഗവും ആരോഗ്യവും
>കുടുംബ ബന്ധങ്ങളിലുണ്ടാക്കുന്ന പ്രശ്നങ്ങൾ (മെൽഷിയർ)
>സാമൂഹിക ബന്ധങ്ങളിലെ തകർച്ച
>
>

ഇത്തരം സൂചനകൾ കൂടി പരിഗണിച്ച് ഉപന്യാസം തയാറാക്കുമല്ലോ?

**പ്രവർത്തനം 6 – ആമുഖക്കുറിപ്പ്**

ജീൻ ക്രിസ്റ്റഫിന്റെ പുസ്തകത്തിന് മുത്തച്ഛൻ എഴുതിയ ആമുഖക്കുറിപ്പ് നിങ്ങൾ ക്ലാസ് മുറിയിൽ തയാറാക്കിയിട്ടുണ്ടാവുമല്ലോ?

നിങ്ങൾ വായിച്ച ഇഷ്ടപ്പെട്ട ഏതെങ്കിലും ഒരു പുസ്തകത്തിന് ആമുഖക്കുറിപ്പ് തയാറാക്കാം.

>പുസ്തകത്തിന്റെ ഉള്ളടക്കം, കാഴ്ചപ്പാട്
>വായനക്ക് പ്രേരിപ്പിക്കൽ
>പുസ്തകത്തെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായം
>
>

തുടങ്ങിയ സൂചനകൾ പരിഗണിക്കുമല്ലോ?